# Kerala State Haj Committee

HAJ HOUSE, P.O. CALICUT AIRPORT,
MALAPPURAM Dist., KERALA-673 647.

Phone: 0483-2710717, 2717571
Fax: 0483 -2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com


Ref. H2-60/2017/KH Date: 09-05-2017.

## ഹജ്ജ് - 2017

## അറിയിപ്പ്

## ഹജ്ജ് വളണ്ടിയർ അപേക്ഷ ക്ഷണിക്കുന്നു

ഈ വർഷത്തെ ഹജ്ജ് (2017) കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് യാത്രാവേളയിലും തുടർന്ന് മക്ക, മദീന, മറ്റു പുണ്യസ്ഥലങ്ങൾ എന്നിവിടങ്ങളിലും സേവനം ചെയ്യുവാൻ താല്പര്യവും പ്രാപ്തിയുമുള്ള സർക്കാർ ജീവനക്കാരായ മുസ്‌ലിം പുരുഷൻമാരിൽ നിന്ന് ഹജ്ജ് വളണ്ടിയർമാരായി തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചിത ഫോറത്തിൽ ഉചിതമാർഗ്ഗേന അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

നിബന്ധനകൾ:-

1) നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ഇംഗ്ലീഷിൽ പൂരിപ്പിച്ച് വകുപ്പിന്റെ എൻ.ഒ.സി., പാസ്പോർട്ടിന്റെയും ബന്ധപ്പെട്ട രേഖകളുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 07-06-2017ന് വൈകുന്നേരം 5 മണിക്ക് മുമ്പ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി, ഹജ്ജ് ഹൗസ്, കലിക്കറ്റ് എയർപോർട്ട് പി.ഒ, മലപ്പുറം-673647 എന്ന വിലാസത്തിൽ ഉചിതമാർഗ്ഗേന സമർപ്പിക്കേണ്ടതാണ്.

2) അപേക്ഷകർ 01-07-2017-ന് 25-നും 58 വയസ്സ് പ്രായപരിധിയിലുള്ളവരായിരിക്കണം.

3) ഹജ്ജോ ഉംറയോ നേരത്തേ നിർവ്വഹിച്ചവരായിരിക്കണം. (രേഖ സമർപ്പിക്കണം). ഹജ്ജ് സംബന്ധമായ കാര്യങ്ങളിൽ നല്ല അറിവ് ഉണ്ടായിരിക്കേണ്ടതാണ്.

4) അറബിഭാഷാ പരിജ്ഞാനമുള്ളവർക്ക് മുൻഗണന.

5) പൂർണ്ണമായ മാനസിക ശാരീരിക ആരോഗ്യമുള്ളവരായിരിക്കണം. ശാരീരികക്ഷമത തെളിയിക്കുന്നതിന് സർക്കാർ ആശുപത്രിയിൽനിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

6) തെരഞ്ഞെടുക്കപ്പെടുന്നവർ കേന്ദ്ര ഹജ്ജ് കമ്മിറ്റി നടത്തുന്ന പരിശീലന ക്ലാസ്സിൽ പങ്കെടുക്കണം. അല്ലാത്തപക്ഷം തെരഞ്ഞെടുപ്പ് റദ്ദാകുന്നതാണ്.

7) സർക്കാർ, പൊതുമേഖല, സ്റ്റാറ്റ്യൂട്ടറിബോഡി എന്നിവയിൽ ജോലി ചെയ്യുന്നവർ മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ. താൽക്കാലിക/പാർട്ട് ടൈം/സീസണൽ/കരാർ/അഡ്ഹോക് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ അപേക്ഷിക്കാൻ അർഹരല്ല. കേന്ദ്ര-സംസ്ഥാന സർക്കാറിന്റെ കീഴിലുള്ള എ- ക്ലാസ്സോ, ഉയർന്ന തസ്തികയിലോ ജോലിചെയ്യുന്നവരും അപേക്ഷിക്കാൻ അർഹരല്ല.

8) തെരഞ്ഞെടുക്കപ്പെടുന്ന വളണ്ടിയർമാരുടെ ബന്ധുക്കൾ ഹജ്ജിന് കൂടെ ഉണ്ടാകുവാൻ പാടുള്ളതല്ല.

9) വളണ്ടിയർമാർക്ക് സൗദിയിലെ മുഅല്ലിമുമായി യാതൊരു ബന്ധവും ഉണ്ടാവാൻ പാടില്ല.

10) സാമ്പത്തികമോ അല്ലാതെയോയുള്ള യാതൊരു ആനുകൂല്യവും ഹാജിമാരിൽ നിന്നും കൈപ്പറ്റാൻ പാടുള്ളതല്ല.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, ഇംഗ്ലീഷിൽ പൂരിപ്പിച്ച് പാസ്പോർട്ടിന്റെയും, യോഗ്യതയും പരിചയവും തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകളുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി, ഹജ്ജ് ഹൗസ്, കലിക്കറ്റ് എയർപോർട്ട് പി.ഒ, മലപ്പുറം-673647 എന്ന വിലാസത്തിൽ ഉചിതമാർഗ്ഗേന 07-06-2017ന് 5 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

നിശ്ചിതഫോറത്തിലല്ലാത്തതും, യോഗ്യതയുടെയും മറ്റു ബന്ധപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്യാത്തതും, ഉചിതമാർഗ്ഗേനയല്ലാത്തതും, നിശ്ചിതസമയത്തിന് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷ അയക്കുന്ന കവറിന് മുകളിൽ 'ഹജ്ജ് വളണ്ടിയർ അപേക്ഷ-2017' എന്ന് എഴുതിയിരിക്കണം. അപേക്ഷാഫോറവും മറ്റു വിശദാംശങ്ങളും www.keralahajcommittee.org, www.hajcommittee.com എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ, മലപ്പുറം & എക്സിക്യൂട്ടീവ് ഓഫീസർ
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി